Draft #1 of File 87536/AD A1-2/2026/AD A1 Approved by ASSISTANT REGISTRAR I (ADMIN) on 13-Oct-2026 03:04 PM - Page 1

**മഹാത്മാഗാന്ധി സർവകലാശാല, കേരളം**

**സംഗ്രഹം**

ഭരണകാര്യം - സെക്ഷൻ ഓഫീസർമാരുടെ പരസ്പര സ്ഥലം മാറ്റം- അനുവദിച്ചുകൊണ്ട് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ഭരണ വിഭാഗം എ 1 സെക്ഷൻ**

നമ്പർ. 9018/AD A1/2026/എം.ജി.യു പ്രിയദർശിനി ഹിൽസ്,തീയതി: 13.10.2026

---

*പരാമർശം:*-1. ശ്രീ ശ്രീരാം ആർ, സെക്ഷൻ ഓഫീസറുടെ 30.09.2026 തീയതിയലെ സമർപ്പണം

2. വൈസ് ചാൻസലറുടെ 13.10.2026 തീയതിയിലെ ഉത്തരവ്

3. സർവകലാശാല ഉത്തരവ് നമ്പർ: 6862/AD A1/2026/എം.ജി.യു., തീയതി: 13.07.2026.

4. സർവകലാശാലാ ഉത്തരവ് നമ്പർ : 11799/AD A1/2022/എം.ജി.യു., തീയതി : 21.11.2022

5. സർക്കുലർ നമ്പർ : Ad.AI-3-246/2016 തീയതി : 31.05.2016.

**ഉത്തരവ്**

EB II സെക്ഷനിലെ സെക്ഷൻ ഓഫീസർ ശ്രീ ശ്രീരാം ആർ, പ്രസ്തുത സെക്ഷനിൽ നിന്നും മാറ്റം ലഭിക്കുന്നതിനായി സൂചന (1) പ്രകാരം **അപേക്ഷിച്ചിരുന്നു.** ആയത് പരിഗണിച്ച് EB II സെക്ഷനിലെ സെക്ഷൻ ഓഫീസറായ ശ്രീ ശ്രീരാം ആർ (PEN/UPEN:2918/U14001), EI 14 സെക്ഷനിലെ സെക്ഷൻ ഓഫീസറായ ശ്രീ. വിഷ്ണു വിജയൻ (PEN/UPEN:3267/U13757 ) എന്നിവരെ പരസ്പരം സ്ഥലം മാറ്റി നിയമിച്ച കൊണ്ട് പരാമർശം (2) പ്രകാരം വൈസ് ചാൻസലർ ഉത്തരവായിരിക്കുന്നു.

സെക്ഷനുകളിൽ നിന്ന് ജീവനക്കാർ സ്ഥലംമാറുന്ന/വിടുതൽ ചെയ്യുന്ന അവസരത്തിൽ തങ്ങൾ ഉപയോഗിച്ചുകൊണ്ടിരുന്ന ഐ.ടി. ഉപകരണങ്ങൾ ഒന്നും നഷ്ടപ്പെട്ടിട്ടില്ലെന്നും, കേടുപാടുകൾ സംഭവിച്ചിട്ടില്ലെന്നും, പൂർണ പ്രവർത്തനക്ഷമമാണെന്നുമുള്ള പ്രസ്താവന, പരാമർശം (3) പ്രകാരം ബന്ധപ്പെട്ട മേലധികാരിക്ക് നൽകേണ്ടതും ഐ.ടി. സെല്ലിന്റെ ശിപാർശയോടെ മേലധികാരി അവ സാക്ഷ്യപ്പെടുത്തേണ്ടതുമാണ്. സ്ഥലം മാറ്റം ലഭിക്കുന്ന ഉദ്യോഗസ്ഥർ നിലവിലുള്ള നിബന്ധനകൾക്ക് പുറമെ പരാമർശം (4) പ്രകാരമുള്ള ഉത്തരവിന്റെ അടിസ്ഥാനത്തിൽ, ഐ.റ്റി. സ്റ്റോക്ക് രജിസ്റ്റർ കൈമാറേണ്ടതും, പ്രസ്തുത വിവരം CTC -യിൽ രേഖപ്പെടുത്തേണ്ടതുമാണ്.

സ്ഥലം മാറ്റപ്പെട്ട ഉദ്യോഗസ്ഥർ തങ്ങളുടെ കൈവശം ഉള്ള മുഴുവൻ ഫയലുകളുടെയും മറ്റ് അനുബന്ധ രേഖകളുടെയും പാസ്സ്‌വേഡുകളുടെയും വിശദാംശങ്ങൾ ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് കൈമാറേണ്ടതാണ്. ആയത് ടി ഉദ്യോഗസ്ഥർ പരാമർശം (5) പ്രകാരം പരിശോധിച്ച് അംഗീകരിക്കേണ്ടതാണ്. CTC-യോടൊപ്പം മേൽപ്പടി സർക്കുലറിൽ പരാമർശിച്ചിരിക്കുന്ന സർട്ടിഫിക്കറ്റ് ഹാജരാക്കേണ്ടതാണ്.

തദനുസരണം ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഒപ്പ്

ബിനോയ് സെബാസ്റ്റ്യൻ

അസിസ്റ്റന്റ് രജിസ്ട്രാർ 1 (ഭരണ വിഭാഗം)

രജിസ്ട്രാർക്ക് വേണ്ടി

പകർപ്പ്

1. ബന്ധപ്പെട്ട വ്യക്തികൾ
2. വൈസ് ചാൻസലരുടെ പ്രൈവറ്റ് സെക്രട്ടറി
3. രജിസ്ട്രാർ/പരീക്ഷാ കൺട്രോളർ/ഫിനാൻസ് ഓഫീസർ എന്നിവരുടെ പി.എ.-മാർ
4. ജോയിന്റ് രജിസ്ട്രാർ/ഡെപ്യൂട്ടി രജിസ്ട്രാർ/അസിസ്റ്റന്റ് രജിസ്ട്രാർ (ഭരണം/അക്കാദമികം/പരീക്ഷ/ധനകാര്യം)
5. ജോയിന്റ് ഡയറക്ടർ, കേരള സ്റ്റേറ്റ് ഓഡിറ്റ് ഡിപ്പാർട്ട്മെൻറ്, മഹാത്മാഗാന്ധി സർവകലാശാല
6. എഫ്.സി.സി./എ.ഡി.സി. 4/5/ഐ.ടി.സെൽ 1/2/3
7. പി.ആർ.ഒ./ഐ.ക്യൂ.എ.സി./യൂണിവേഴ്സിറ്റി വെബ്സൈറ്റ്
8. റെക്കോർഡ്സ് / സ്റ്റോക്ക് ഫയൽ / ഫയൽ കോപ്പി /ഡേ ഫയൽ

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

Draft #1 of File 87536/AD A1-2/2026/AD A1 Approved by ASSISTANT REGISTRAR I (ADMIN) on 13-Oct-2026 03:04 PM - Page 2

The document is digitally approved. Hence signature is not needed.